# ത്യാഗത്തോടെയാണ് സഭ പണിയപ്പെടുന്നത്

**സാക് പുന്നൻ**

WFTW Malayalam 8 April 2012

www.jeevamozhikal.org

ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ സഭയ്ക്കുവേണ്ടി ഏല്പിച്ചുകൊടുത്തു (എഫേ. 5 :25). ഒരു സഭ പണിയപ്പെടണമെങ്കിൽ ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നാമും സഭയെ സ്നേഹിക്കണം. നമ്മുടെ പണമോ സമയമോ നല്കിയാൽ മാത്രം പോരാ നമ്മെത്തന്നെ നമ്മുടെ സ്വന്തജീവനെത്തന്നെ കൊടുക്കണം.

മനുഷ്യരോടുള്ള തന്റെ സ്നേഹത്തെ വിശദീകരിക്കുവാൻ ദൈവത്തിന് ഈ ഭൂമിയിൽ നിന്നു ഒറ്റ ഉദാഹരണം മാത്രമാണ് ഉണ്ടായിരുന്നത്. ഒരു അമ്മേയ്ക്ക് തന്റെ കുഞ്ഞിനോടുള്ള സ്നേഹമായിരുന്നു അത്. (യെശ. 49: 15 കാണുക). അമ്മയ്ക്കു തന്റെ കുഞ്ഞിനോടുള്ള സ്നേഹം നിറയെ ത്യാഗമാണെന്നു ഒരമ്മയെ നിരീക്ഷിച്ചാൽ നിങ്ങൾക്കു കാണാൻ കഴിയും. അതിരാവിലെ മുതൽ രാത്രി വരെയും പിന്നെ രാത്രിയിലും ഒരമ്മ തന്റെ കുഞ്ഞിനു വേണ്ടി പലതും ത്യജിക്കുന്നു. അവർക്ക് അതിനു പകരമായി ഒന്നും ലഭിക്കുന്നില്ല. അവൾ വർഷങ്ങളോളം തന്റെ കുഞ്ഞിനു വേണ്ടി ഒന്നും പകരം പ്രതീക്ഷിക്കാതെ പല വേദനകളും അസൗകര്യങ്ങളും സഹിക്കുന്നു. അങ്ങനെയാണ് ദൈവവും നമ്മെ സ്നേഹിക്കുന്നത്. ആ സ്വഭാവമാണ് നമ്മിലേക്കു പകരുവാൻ ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ ലോകത്തിൽ എവിടെയും ഇത്തരത്തിൽ പരസ്പരം സ്നേഹിക്കുന്ന ഒരു കൂട്ടായ്മ ഉണ്ടെന്നു സത്യസന്ധതയോടെ പറയുവാൻ കഴിയുകയില്ല. പല വിശ്വാസികൾക്കും തങ്ങളുടെ കൂട്ടത്തിൽ ഉള്ളവരെയും തങ്ങളുടെ അഭിപ്രായങ്ങളോടു യോജിക്കുന്നവരെയും മാത്രം സ്നേഹിക്കുവാനാണ് അറിയാവുന്നത്. അവരുടെ സ്നേഹം തികച്ചും മാനുഷികവും ഒരു മാതാവിന്റെ സ്നേഹത്തിൽ നിന്നു വളരെ അകന്നു നിൽക്കുന്നതുമാണ്. എന്നാൽ നാം ലക്ഷ്യമാക്കേണ്ടത് ദിവ്യസ്നേഹത്തിനായിട്ടാണ്.

തന്റെ കുഞ്ഞിനു വേണ്ടി ചുറ്റിലുമുള്ള മറ്റുള്ളവർ എന്തെങ്കിലും ത്യാഗം ചെയ്യുന്നുണ്ടോ എന്ന് ഒരമ്മ ശ്രദ്ധിക്കാറില്ല. അവൾ സന്തോഷത്തോടെ തന്റെ കുഞ്ഞിനു വേണ്ടി എല്ലാം ത്യജിക്കുന്നു. അതുപോലെതന്നെ സഭയെ തന്റെ കുഞ്ഞിനെപ്പോലെ കണ്ടിട്ടുള്ളവർ, മറ്റുള്ളവർ സഭയ്ക്കുവേണ്ടി എന്തെങ്കിലും ത്യാഗം സഹിക്കുന്നുണ്ടോ എന്നൊന്നും നോക്കാറില്ല. അവർ സന്തോഷത്തോടെ പലതും ത്യജിക്കുന്നു. ആരോടും ഒരു പരാതിയും അവർക്കുണ്ടായിരിക്കുകയില്ല. സഭയ്ക്കു വേണ്ടി മറ്റുള്ളവർ ഒന്നും ത്യജിക്കുന്നില്ല എന്നു പരാതി പറയുന്നവർ അമ്മമാരല്ല പരിചാരികമാർ മാത്രമാണ്. അങ്ങനെയുള്ള പരിചാരികമാർക്ക് കൃത്യമായ ജോലിസമയമുണ്ട്. ആ സമയം കഴിഞ്ഞ് വരേണ്ട അടുത്തയാൾ സമയത്ത് വന്നില്ലെങ്കിൽ അവർ പരാതിപ്പെടും.

ഒരു അമ്മ ഒരിക്കലും എട്ടു മണിക്കൂർസമയം നോക്കിയല്ല ജോലി ചെയ്യുന്നത്. അവൾ ദിവസം തോറും 24 മണിക്കൂറും ഒരു വേതനവും കൈപ്പറ്റാതെ ജോലിയിലാണ്. ആ കുഞ്ഞിന് 20 വയസ്സു പ്രായമായാലും ആ അമ്മയുടെ ജോലി തീരുന്നില്ല. അമ്മയ്ക്കു മാത്രമേ തന്റെ കുഞ്ഞിനു പാലൂട്ടുവാൻ കഴിയൂ. ഒരു പരിചാരികയ്ക്ക് ഒരുക്കലും താൻ പരിചരിക്കുന്ന കുഞ്ഞിനു പാലൂട്ടുവാൻ സാധിക്കുകയില്ല. അതുപോലെതന്നെ സഭയിലും മാതാവിനെപ്പോലെയുള്ളവർക്കു തങ്ങളുടെ ആത്മീയമക്കൾക്കു നൽകുവാൻ എപ്പോഴും ഒരു വചനം ഉണ്ടായിരിക്കും. പല മൂപ്പന്മാർക്കും സഭയ്ക്കു നൽകുവാൻ ഒരു വചനമില്ലാത്തതിനു കാരണം അവർ അമ്മമാരല്ല, കേവലം പരിചാരികമാർ മാത്രമാണ് എന്നതാണ്.

ഒരമ്മ ഒരിക്കലും തന്റെ മക്കളിൽ നിന്നു വേതനം പ്രതീക്ഷിക്കുന്നില്ല. ഒരാളും തന്റെ അമ്മ ചെയ്ത സേവനങ്ങൾക്കു വേതനം നൽകാറുമില്ല. അഥവാ മണിക്കൂറിന് 20 രൂപ നിരക്കിൽ അമ്മയ്ക്കു വേതനം കണക്കാക്കിയാൽ ഓരോരുത്തരും 20 വയസ്സാകുമ്പോഴേക്കും 30 ലക്ഷം രൂപ നൽകേണ്ടതായി വരും. ഇത്ര വലിയ തുക തന്റെ അമ്മയ്ക്കു കൊടുക്കുവാൻ ആർക്കാണ് കഴിയുക?

ഇപ്പോൾ നമ്മോടുള്ള ചോദ്യമിതാണ്. യാതൊരു പ്രതിഫലവും കൂടാതെ ദിവസം തോറും, വർഷം തോറും കർത്താവു മടങ്ങി വരും വരെ ദൈവത്തെയും ദൈവത്തിന്റെ ജനത്തെയും സേവിക്കുവാൻ തയ്യാറുള്ളതാരാണ്? അങ്ങനെയുള്ള ഒരാളെ കണ്ടെത്തിയാൽ അയാളെ ത്യാഗമനോഭാവമില്ലാത്ത 10,000 കേവലവിശ്വാസികളെക്കാൾ അധികം ദൈസഭയുടെ പണിക്ക് ഉപയോഗിക്കുവാൻ ദൈവത്തിനു കഴിയും.

യേശു മടങ്ങി വരുമ്പോൾ, അവിടുത്തെ സന്നിധിയിൽ നിൽക്കുമ്പോൾ നിങ്ങൾ ജീവിച്ച ജീവിതത്തെക്കുറിച്ചോർത്തു ദുഃഖിക്കേണ്ടി വരുമോ? അതോ ദൈവരാജ്യത്തിനു വേണ്ടി ചെലവഴിച്ച ജീവിതമാണോ ഓർക്കാൻ കഴിയുക? ഉണർന്നെഴുന്നേൽക്കുക. ദൈവത്തിനു വേണ്ടിയുള്ള ത്യാഗസമ്പൂർണമായ ജീവിതം കാണിച്ചു തരുവാൻ ദൈവത്തോടു പ്രാർത്ഥിക്കുക.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

മൊഴിമാറ്റം : സാജു ജോസഫ്